**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 67** **06-10-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യ സമ്പത്ത് വർദ്ധിപ്പിയ്ക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ എം മുകേഷ് ,<br>ശ്രീമതി ദെലീമ | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പാക്കുന്നതിലൂടെ തൊഴിലും ഉപജീവനമാർഗവും നഷ്ടപ്പെടുന്ന മത്സ്യതൊഴിലാളികളുടെ പുനരധിവാസ പദ്ധതിയുടെ ഭാഗമായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ഉപജീവനം നഷ്ടമാകുന്ന മത്സ്യത്തൊഴിലാളികൾക്ക് സമഗ്രമായ നഷ്ടപരിഹാര പുനരധിവാസ പാക്കേജ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട് ഉപജീവനമാർഗം നഷ്ടപ്പെടുന്ന ചിപ്പി/ലോബ്സ്റ്റർ വിഭാഗത്തിലെ കട്ടമരച്ചിപ്പിത്തൊഴിലാ ളികൾ, കരച്ചിപ്പിത്തൊഴിലാളികൾ, ചിപ്പിക്കച്ചവടക്കാർ എന്നീ വിഭാഗത്തിൽപ്പെട്ട 262 പേർക്ക് 12.35 കോടി രൂപയും കരമടിത്തൊഴിലാളികൾക്ക് നഷ്ടപരിഹാരമായി 900 പേർക്ക് 52.61 കോടി രൂപയും വിതരണം ചെയ്തു കഴിഞ്ഞു. നിർമ്മാണ കാലയളവിൽ പദ്ധതി പ്രദേശം ചുറ്റി പോകേണ്ടതിനാൽ 1221 മത്സ്യത്തൊഴിലാളികൾക്ക് 29.95 ലക്ഷം ലിറ്റർ (23.02 കോടി രൂപ) മണ്ണെണ്ണ വിതരണം ചെയ്തിട്ടുണ്ട്. റിസോർട്ട് തൊഴിലാളികളായ 211 പേർക്ക് 6.08 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. നാല് സ്വയം സഹായ സംഘങ്ങളിലെ 33 പേർക്ക് 0.08 കോടി രൂപ നൽകിയിട്ടുണ്ട്. ഇപ്രകാരം പദ്ധതി ബാധിത പ്രദേശങ്ങ ളിലെ 2627 പേർക്ക് ജീവനോപാധി നഷ്ടപരിഹാരമായി 94.14 കോടി രൂപ ഇതിനകം തന്നെ വിതരണം ചെയ്തു കഴിഞ്ഞു. കൂടാതെ മത്സ്യത്തൊഴി ലാളികളുടെ പുനരധിവാസ പദ്ധതിയുടെ ഭാഗമായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ആയതിനായി 475 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ടി പദ്ധതി സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആരംഭിച്ച പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റ് 30.36 കോടി രൂപയുടെ പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിക്കുകയും |

| | | | |
|---|---|---|---|
| | | | ഇതിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി കൃത്രിമപാര് നിർമ്മിക്കുന്നതിനുള്ള പ്രോജക്ടിനായി 3.75 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | ഇതിന്റെ ഭാഗമായി മത്സ്യത്തിന്റെ ആവാസ വ്യവസ്ഥ സൃഷ്ടിച്ച് മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ഉപജീവനം നഷ്ടമാകുന്ന മത്സ്യത്തൊഴിലാളികൾക്ക് സമഗ്രമായ നഷ്ടപരിഹാര പുനരധിവാസ പാക്കേജ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട് ഉപജീവനമാർഗം നഷ്ടപ്പെടുന്ന ചിപ്പി/ലോബ്സ്റ്റർ വിഭാഗത്തിലെ കട്ടമരച്ചിപ്പിത്തൊഴിലാ ളികൾ, കരച്ചിപ്പിത്തൊഴിലാളികൾ, ചിപ്പിക്കച്ചവടക്കാർ എന്നീ വിഭാഗത്തിൽപ്പെട്ട 262 പേർക്ക് 12.35 കോടി രൂപയും കരമടിത്തൊഴിലാളികൾക്ക് നഷ്ടപരിഹാരമായി 900 പേർക്ക് 52.61 കോടി രൂപയും വിതരണം ചെയ്തു കഴിഞ്ഞു. നിർമ്മാണ കാലയളവിൽ പദ്ധതി പ്രദേശം ചുറ്റി പോകേണ്ടതിനാൽ 1221 മത്സ്യത്തൊഴിലാളികൾക്ക് 29.95 ലക്ഷം ലിറ്റർ (23.02 കോടി രൂപ) മണ്ണെണ്ണ വിതരണം ചെയ്തിട്ടുണ്ട്. റിസോർട്ട് തൊഴിലാളികളായ 211 പേർക്ക് 6.08 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. നാല് സ്വയം സഹായ സംഘങ്ങളിലെ 33 പേർക്ക് 0.08 കോടി രൂപ നൽകിയിട്ടുണ്ട്. ഇപ്രകാരം പദ്ധതി ബാധിത പ്രദേശങ്ങ ളിലെ 2627 പേർക്ക് ജീവനോപാധി നഷ്ടപരിഹാരമായി 94.14 കോടി രൂപ ഇതിനകം തന്നെ വിതരണം ചെയ്തു കഴിഞ്ഞു. കൂടാതെ മത്സ്യത്തൊഴി ലാളികളുടെ പുനരധിവാസ പദ്ധതിയുടെ ഭാഗമായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ആയതിനായി 475 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ടി പദ്ധതി സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആരംഭിച്ച പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് 30.36 കോടി രൂപയുടെ പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിക്കുകയും ഇതിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി കൃത്രിമപാര് നിർമ്മിക്കുന്നതിനുള്ള പ്രോജക്ടിനായി 3.75 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി പദ്ധതി നടപ്പിലാക്കി വരുന്നു. |
| (സി) | തീര നൈപുണ്യ പദ്ധതിയിലൂടെ ഏതൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | സാഫ് മുഖേന നടപ്പിലാക്കി വരുന്ന തീരമൈത്രി പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ +2 പാസ്സായ 20 നും 35 നും ഇടയിൽ പ്രായമുള്ള അഭ്യസ്തവിദ്യരായ യുവതികൾക്ക് വിവിധ മേഖലകളിൽ തൊഴിലും വരുമാനവും നേടിയെടുക്കുന്നതിന് പ്രാപ്തരാക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | അവരുടെ വ്യക്തിത്വവികസനം, നേതൃപാടവം, പൊതുവിജ്ഞാനം, കംപ്യൂട്ടർ പരിജ്ഞാനം തുടങ്ങിയ വിഷയങ്ങളിൽ ഊന്നൽ നൽകിക്കൊണ്ട് തീരനൈപുണ്യ പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ